(സി) ഇത്തരത്തിലുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തി തക്കതായ ശിക്ഷണ നടപടികളും നല്ല നടപ്പും കൊടുക്കുന്നതിന് എന്തൊക്കെ നടപടികൾ ആഭ്യന്തരവകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

അർച്ചന എഞ്ചിനീയറിംഗ് കോളേജ് ആക്രമിച്ച സംഭവം

39 (5949) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിൽ നൂറനാട് പോലീസ് സ്റ്റേഷന് കീഴിൽ വരുന്ന അർച്ചന എഞ്ചിനീയറിംഗ് കോളേജ് ആക്രമിച്ച സംഭവത്തിൽ പോലീസ് നാളിതു വരെ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത കേസ്സിൽ ഉൾപ്പെട്ട പ്രതികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; ഇനിയും എത്ര പേരെ അറസ്റ്റ് ചെയ്യാനുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

(ഡി) ഇനിയും ഇത്തരം കേസ്സുകൾ പ്രസ്തുത കോളേജിൽ നടക്കാതിരിക്കാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഇ) മാനേജ്മെന്റ് അറിയിച്ചിട്ടും പോലീസ് വേണ്ട മുൻകരുതലുകൾ സ്വീകരിക്കാത്തതാണ് പ്രശ്നത്തിന് കാരണം എന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) അർച്ചനാ കോളേജ് ഓഫ് എഞ്ചിനീയറിംഗ് അഡ്മിനിസ്ട്രേറ്റർ ഇ. മുഹമ്മദ് ഹുസൈന്റെ മൊഴിപ്രകാരം നൂറനാട് പോലീസ് സ്റ്റേഷൻ ക്രൈം. 494/10 u/s 143, 147, 148, 149, 452, 427 IPC പ്രകാരം 12-7-2010 തീയതി 14.00 മണിക്ക് SFI/DYFI പ്രവർത്തകരായ നാൽപ്പതോളം പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. ടി കേസിൽ 1 മുതൽ 17 വരെ പ്രതികളെ അറസ്റ്റ് ചെയ്ത് മാവേലിക്കര ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് -2 മുൻപാകെ ഹാജരാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത കേസ്സിൽ ഉൾപ്പെട്ട പ്രതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) 17 പേരെ, ശേഷിക്കുന്ന 23 പ്രതികളെ തിരിച്ചറിയുന്ന മുറയ്ക്ക് അറസ്റ്റ് ചെയ്ത് മേൽ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) അർച്ചനാ എഞ്ചിനീയറിംഗ് കോളേജിൽ സുശക്തമായ പോലീസ് കാവൽ ഏർപ്പെടുത്തിയിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പോലീസിലെ ഉയർന്ന ഉദ്യോഗസ്ഥർക്ക് സിനിമ, സീരിയൽ എന്നിവയിൽ അഭിനയിക്കുന്നതിന് അനുവാദം നൽകുന്നതിനുള്ള മാനദണ്ഡം

40 (5950) <u>ശ്രീ. പി. കെ. അബ്ദുറബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസിലെ കുറ്റാന്വേഷണവിഭാഗം, ക്രമസമാധാനപാലന വിഭാഗം, വിജിലൻസ് എന്നിവയിലെ ഉയർന്ന ഉദ്യോഗസ്ഥർ സിനിമ, സീരിയൽ എന്നിവയിൽ പോലീസ് വേഷത്തിലും അല്ലാതെയും അഭിനയിക്കുന്ന കാര്യം സർക്കാരിനറിവുണ്ടോ; എങ്കിൽ, ഇവർക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ ;

(ബി) ഇപ്രകാരം സർക്കാർ അനുമതി നൽകപ്പെട്ടവരുടെ പേരുവിവരവും, റാങ്കും വെളിപ്പെടുത്തുമോ ;

(സി) ഇത്തരത്തിൽ അനുമതി നൽകുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ ;

(ഡി) സിനിമ, സീരിയൽ അഭിനയത്തിന് പ്രതിഫലം പറ്റുന്ന കാര്യം സർക്കാരിനറിവുണ്ടോ ;

(ഇ) ഡ്യൂട്ടിസമയത്തുതന്നെ ഷൂട്ടിംഗിൽ പങ്കെടുക്കുന്നതായും ഈ വഴിക്കുള്ള ബന്ധങ്ങൾ ഡ്യൂട്ടിയെ ബാധിക്കുന്നതായും പൊതുതാൽപ്പര്യം ഹനിക്കപ്പെടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യം സർക്കാർ അന്വേഷിച്ചിട്ടുണ്ടോ ?

<u>ഉത്തരം</u>

(എ) സർക്കാർ അനുമതിയോടുകൂടിയാണ് പോലീസ് ഉദ്യോഗസ്ഥർ സിനിമ, സീരിയൽ എന്നിവയിൽ അഭിനയിക്കുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപ്പറയുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് സിനിമ, സീരിയൽ എന്നിവയിൽ അഭിനയിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly